No. B3/61/2021/CEE

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി കോഴ്സ്–2020
# റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾ
# ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

2020–21 വർഷം സംസ്ഥാനത്തെ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ള വർക്ക് തുക ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള നടപടിക്രമം ആരംഭിച്ചു.

റീഫണ്ട് ലഭിക്കാൻ അർഹതയുള്ള ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ '**Three Year LL.B 2020-Candidate Portal/ Five Year LL.B 2020-Candidate Portal'** എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **"Submit Bank Account Details"** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **22.01.2021 മുതൽ 28.01.2021 വൈകിട്ട് 4.00 മണി** വരെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തി ശരിയാണെന്ന് ഉറപ്പുവരുത്തി Submit ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. തുടർന്ന് **Print Bank Details** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈനായി നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടങ്ങുന്ന ഒരു സ്ലിപ്പ് വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഈ പ്രിന്റൗട്ട് വിദ്യാർത്ഥികൾ ഭാവി ആവശ്യത്തിനായി സൂക്ഷിക്കേണ്ടതാണ്. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് റീഫണ്ടിന് അർഹതയുണ്ടെ ങ്കിൽ തുക ലഭ്യമാക്കുന്നതാണ്. അക്കൗണ്ടിലേയ്ക്ക് റീഫണ്ട് നൽകുന്ന സമയക്രമം പിന്നീട് അറിയിക്കു ന്നതാണ്. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് കാണുക.

**ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300**

തിരുവനന്തപുരം
22 .01.2021

Sheetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**